(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ, ബി) സൈലന്റ് വാലി പദ്ധതിക്ക് അംഗീകാരം നൽകാൻ കഴിയുകയില്ല എന്നറിയിച്ചപ്പോഴും തന്നെ കേന്ദ്ര ഗവൺമെന്റ് ഉത്തരകേരളത്തിൽ ജലവൈദ്യുത പദ്ധതികളുടെ ആവശ്യകത അംഗീകരിക്കുകയും അപ്രകാരമുള്ള പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. സൈലന്റ് വാലി പദ്ധതിക്ക് പകരമായി മാനന്തവാടി ജലവൈദ്യുത പദ്ധതിയാണ് സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചത്.

(സി) മാനന്തവാടി ജലവൈദ്യുത പദ്ധതിക്ക് വേണ്ടി ഒരു റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രാനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്. മാനന്തവാടി പുഴക്കു കുറുകെ ഒരു അണ നിർമ്മിച്ച് ഏകദേശം 525 ദശലക്ഷം ഘനമീറർ വെള്ളം വളപട്ടണം പുഴയിലേക്കു തിരിച്ച് വിട്ട് 820 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 60 മെഗാവാട്ട് ശേഷിയുള്ള നാലുജനറേറ്ററുകളാണ് ഇവിടെ സ്ഥാപിക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. 44,500 ഹെക്ടറോളം ഭൂമിക്കു ജലസേചന സൗകര്യം ഈ പദ്ധതികൊണ്ട് ഉണ്ടാകും. 170 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഇടുക്കി, ശബരിഗിരി പദ്ധതികളിലെ വൈദ്യുതി

* 169 [172] ശ്രീ. ബെന്നിബഹനാൻ:

,, കെ.മുഹമ്മദാലി:

,, പി.പി.തങ്കച്ചൻ:

,, കെ.കെ.തോമസ്:

,, ടി.എച്ച്.മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, ശബരിഗിരി എന്നീ പദ്ധതികളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിനു വെളിയിൽ നൽകിവരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്ക്;

(സി) ഇതുമൂലം സംസ്ഥാനത്തിന് എന്തു വരുമാനമുണ്ടായിട്ടുണ്ട്;

(ഡി) മദ്ധ്യതിരുവിതാംകൂറിലെ കാർഷിക, ഗാർഹിക, വ്യാവസായിക ആവശ്യത്തിന് വിദ്യുച്ഛക്തി നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) പ്രസ്തുത പ്രോജക്ടുകളിലെ വൈദ്യുതി മദ്ധ്യതിരുവിതാംകൂറിലെ ഉപയോഗത്തിന് നീക്കിവച്ചശേഷം മാത്രമേ അയൽ സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാവൂ എന്ന് ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) ഇല്ല.

(ബി, സി) 'എ'യ്ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം പ്രസക്തമല്ല.

ഉൽപ്പാദനകേന്ദ്രങ്ങളിലോ പ്രസരണശൃംഖലയിലോ തകരാറുണ്ടാകുന്ന അടിയന്തിരഘട്ടങ്ങളിൽ കർണ്ണാടകത്തിനും തമിഴ്നാട്ടിനും കഴിയുന്നത്ര വൈദ്യുതി സഹായം നൽകുകയും തിരിച്ച് കേരളത്തിന് തുല്യ അളവിൽ പിന്നീട് വൈദ്യുതി ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്.

(ഡി) മദ്ധ്യതിരുവിതാംകൂറിൽ മാത്രമായി ഇങ്ങിനെയൊരു പ്രശ്നമുള്ളതായി അറിവില്ല. സാമ്പത്തിക പരിമിതികൊണ്ടുതന്നെ നിന്നുകൊണ്ട് കൊടുക്കാവുന്ന പരമാവധി കണക്ഷനുകളും എല്ലാ സ്ഥലത്തും നൽകിക്കൊണ്ടിരിക്കുകയാണ്.

(ഇ) പ്രസക്തമല്ല.

വെളിച്ച വിപ്ലവ പരിപാടിയുടെ ഉദ്ദേശ്യങ്ങൾ

* 170 [173] ശ്രീ. കെ.സി.ജോസഫ്:
,, എ.സി.ജോസ്:
,, കെ.കെ.ശ്രീനിവാസൻ:
,, എം.എം.ഹസ്സൻ:
,, കെ.എസ്.നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വെളിച്ചവിപ്ലവം എന്ന തീവ്രയത്നപരിപാടിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നു വ്യക്തമാക്കാമോ;

(ബി) വെളിച്ചവിപ്ലവം അനുസരിച്ച് വൈദ്യുതി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ്;

(സി) ഇതനുസരിച്ചുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) വൈദ്യുത കണക്ഷനു വേണ്ടിയുള്ള അപേക്ഷകളുടെ കുടിശ്ശിക കഴിയുന്നത്ര വേഗം തീർക്കണമെന്നുള്ളതായിരുന്നു ഉദ്ദേശ്യം.

(ബി) ഇതിനുള്ള മാനദണ്ഡം താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വൈദ്യുത കണക്ഷനുകൾ നൽകുക എന്നുള്ളതായിരുന്നു.

1. 1985 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റുകൾ ആവശ്യമില്ലാത്ത കണക്ഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly